കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങൾ ലേലം ചെയ്ത് ഒഴിവാക്കി സ്ഥലം പി.ഡബ്ല്യൂ.ഡി. കെട്ടിടവിഭാഗത്തിന് നൽകുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പൂർത്തിയായി വരുന്നു.

## കാസർഗോഡ് ജില്ലയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

182 (5378) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ എത്ര ഓഫീസുകൾ/സ്ഥാപനങ്ങൾ/ആശുപത്രികൾ/ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തസ്തികകൾ ഇതിനായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ,ഇതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ചും, വകുപ്പ് തിരിച്ചും വ്യക്തമാക്കാമോ;

(ഡി) തസ്തിക സൃഷ്ടിക്കാതെ ദിവസവേതന പ്രകാരവും കരാറടിസ്ഥാനത്തിലും എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ തസ്തികയിലാണ് ഇവർ ജോലിചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കരാർ/ദിവസവേതനപ്രകാരം തുടർച്ചയായി ജോലിചെയ്തുവരുന്നവർ എത്രപേരുണ്ടെന്നും എത്ര വർഷങ്ങളായി ഇവർ ജോലി ചെയ്തുവരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) തസ്തികകൾ: 1797, ഇതിൽ 1570 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നു.

(സി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 7 ഒഴിവുകളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| മെഡിക്കൽ ടെക്നീഷ്യൻ | -5 ഒഴിവ് |
| ഡെന്റൽ ഹൈജീനിസ്റ്റ് | -1 ഒഴിവ് |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | -1 ഒഴിവ് |

(ഡി) ദിവസവേതന പ്രകാരവും കരാറടിസ്ഥാനത്തിലും ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു*.

(ഇ) തുടർച്ചയായി 180 ദിവസത്തിൽ കൂടുതൽ ആരും തന്നെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ല. രണ്ടോ മൂന്നോ ദിവസത്തെ ഇടവേളക്കുശേഷമാണ് ഇവർക്ക് പുനർനിയമനം നൽകുന്നത്. ടെക്നിക്കൽ യോഗ്യത ഉള്ളവരെ ലഭ്യമാകാത്ത സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കുന്നതിനും പരിശീലനം ലഭിച്ചവരുടെ സേവനം പരമാവധി ഉപയോഗിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം നിയമനം നടത്തുന്നത്.

**നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ**

183 (5379) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫുകളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലെ മൂണ്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല എന്നും രാത്രി തുറന്ന് പ്രവർത്തിക്കുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കൗക്കാട് ആയുർവേദ ആശുപത്രിയുടെ ടെണ്ടർ നടപടി പൂർത്തിയായോ; ആവശ്യമായ തസ്തികകൾ ഉടനെ അനുവദിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടക്കര, വഴിക്കടവ്, മൂത്തേടം എന്നീ പി.എച്ച്.സി.കൾ, ചുങ്കത്തറ സി.എച്ച്.സി., നിലമ്പൂർ ജില്ലാ ആശുപത്രി എന്നിവയാണ് നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly